Minister for Health (SHRI A. A. RAHIM):

(a) The amount allotted to the State under the Cess Fund is Rs. 26,37,953.

(b) Rs. 26,97,963.

Rs. 15,98,754-8-0 has been spent. * Statement showing the various items and the amount spent under each is placed on the table.

(c) Rs. 10,99,208-8-0 remains to be spent. * Statement showing the items under which the amount remains to be spent is placed on the table.

(d) Yes. The balance will be spent this year itself.

ശ്രീ. ഡി. വിവേകാനന്ദൻ: ഈ തുക മുഴുവൻ ഈ വർഷത്തിൽ തന്നെ ചെലവാക്കാൻ കഴിയുമോ?

ശ്രീ. എ. എ. റഹിം: പത്തുലക്ഷത്തിൽപ്പരം രൂപയാണ ബാക്കിയുള്ളത്. മിക്കവാറും അതു ചെലവാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഡി. വിവേകാനന്ദൻ: ആവശ്യമുള്ള സ്റ്റാഫ് ഇല്ലാത്തതുകൊണ്ടാണ് ഈ തുക ചെലവാക്കാൻ കാലതാമസമുണ്ടാകുന്നതെന്നറിയാമോ?

ശ്രീ. എ. എ. റഹിം: അങ്ങനെ സ്റ്റാഫിന്റെ കുറവുള്ളതായി അറിവില്ല.

ശ്രീ. കെ. എ. ബാലൻ: സെന്റു ഫണ്ടിന്റെ പ്രവർത്തനം സംബന്ധിച്ചു പരാതികൾ വല്ലതുമുണ്ടായിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: അങ്ങനെ പരാതിയുള്ളതായി അറിവില്ല.

ശ്രീ. കെ. എ. ബാലൻ: പരാതിയുണ്ടെന്നു പറഞ്ഞാൽ അതിനെപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. എ. എ. റഹിം: ഉണ്ടെങ്കിൽ അന്വേഷിക്കാം.

ഹിന്ദി അദ്ധ്യാപകന്മാർ.

* 21. [23] ശ്രീ. പി കെ. യശോധരൻ: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1955 നവംബറിനു ശേഷം ഏതു പാർട്ടിക്കാണ് ഹിന്ദി അദ്ധ്യാപകന്മാർക്ക് ഫുൾടൈം വേക്കൻസി നൽകിയിട്ടുണ്ട്; ഉണ്ടെങ്കിൽ എവിടെയെല്ലാം; ഇല്ലെങ്കിൽ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): 1955 നവംബറിനു ശേഷം, 25 പാർട്ടിക്കാണ് ഹിന്ദി അദ്ധ്യാപകന്മാർക്ക് ഫുൾടൈം വേക്കൻസി നൽകിയിട്ടുണ്ട്. അവ താഴെ പറയുന്നു.

* Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly

1. കിളിമാനൂർ മിഡ്ൽസ്കൂൾ
2. കന്നം ഹൈസ്കൂൾ
3. ചാല ഹൈസ്കൂൾ
4. കരമന മിഡിൽസ്കൂൾ
5. ട്രെയിനിംഗ് സ്കൂൾ, നാഗർകോവിൽ
6. വലിയതുറ മിഡിൽസ്കൂൾ
7. ട്രെയിനിംഗ്സ്കൂൾ, വിളവങ്കോട്
8. കോട്ടക്കാട് മിഡിൽസ്കൂൾ
9. ആല ഹൈസ്കൂൾ
10. പത്തുപ്പള്ളി മിഡിൽസ്കൂൾ
11. കലവൂർ ഹൈസ്കൂൾ
12. എഴമറ്റൂർ മിഡിൽസ്കൂൾ
13. രാമപുരം മിഡിൽസ്കൂൾ
14. കടിയപട്ടണം മിഡിൽസ്കൂൾ
15. പുനലൂർ മിഡിൽസ്കൂൾ
16. കറച്ചി മിഡിൽസ്കൂൾ
17. പന്തളം മിഡിൽസ്കൂൾ
18. പേട്ട മിഡിൽസ്കൂൾ
19. പെരുമ്പഴതൂർ മിഡിൽസ്കൂൾ
20. പരവൂർ മിഡിൽസ്കൂൾ
21. പുന്നല മിഡിൽസ്കൂൾ
22. ഹൈസ്കൂൾ ഫാർ ഗേൾസ്, മാവേലിക്കര
23. പാലാ മിഡിൽ ഫാർ ബോയ്സ്സ്കൂൾ
24. പെരിയ്ക്കോരി മിഡിൽസ്കൂൾ
25. ചാല മിഡിൽസ്കൂൾ

ചോദ്യത്തിന്റെ അവസാനഭാഗം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. യശോധരൻ : ഇരുപത്തഞ്ചു വേക്കൻസികൾ മാത്രമാണോ ഉള്ളതു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതല്ലാതെ വേറെ ഉണ്ടോ എന്നു പഠയാൻ നോട്ടീസുവേണം.

ശ്രീ. പി. കെ. യശോധരൻ : ഇപ്പോൾ എത്ര പാർട്ട് ടൈം അദ്ധ്യാപകരാണുള്ളതു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ധാരാളമുണ്ടു.

ശ്രീ. പി. കെ. യശോധരൻ : പുതുതായി നിയമിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു.

ശ്രീ. കെ. കരുണാകരൻ : പാർട്ട് ടൈം ഹിന്ദി അദ്ധ്യാപകരെ നിയമിക്കുന്നതിനു മുൻപായി പലരേയും പിരിച്ചുവിടുന്നതായി പരാതി ഉള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു തടയുന്നതിനായി വേണ്ട പരിഹാരങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. എബ്രഹാം: പാർട്ട് ടൈം അദ്ധ്യാപകരുടെ ശമ്പളം കൂട്ടുന്നതിനു് ആലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിച്ചുവരികയാണു്.

പ്രോവിഡൻറ് ഫണ്ട് സ്കീം.

* 22. [24] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്ക് പ്രോവിഡൻറ് ഫണ്ട് സ്കീം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണു് അനുവദിച്ചതു്; അതു നടപ്പിലാക്കിയിട്ടുള്ളതറിയാമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കും പ്രോവിഡൻറ് ഫണ്ട് സ്കീം അനുവദിച്ചിട്ടുണ്ടു്. അതിന്റെ നിബന്ധനകൾ 1955 സെപ്റ്റംബർ പത്താംതീയതിയാണു അംഗീകരിച്ചതു്. വിദ്യാഭ്യാസഡയറക്ടറുടെ കീഴിൽ ഫണ്ടിന്റെ കണക്കുകൾ സൂക്ഷിക്കുന്നതിനു് അനുവദിച്ച വകുപ്പു് 1-10-55-മുതൽ പ്രവർത്തനം ആരംഭിച്ചു. അക്നീഡ് ചെയ്യാത്ത സെക്കൻഡറി സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു മാനേജ്മെൻറുകളുടെ യുക്തംപോലെ നിലവിലുള്ള ട്രാവൻകൂർ ലൈസൻസ്ഡ് ടീച്ചേഴ്സ് പ്രോവിഡൻറ് ഫണ്ടിലോ, കൊച്ചിൻ എയിഡഡ് സ്കൂൾ പ്രോവിഡൻറ് ഫണ്ടിലോ ചേരാനുള്ള അനുവാദമുണ്ടു്.

ശ്രീ. പി. കെ. യശോധരൻ : അക്നീഡഡ് സ്കൂളുകൾ എല്ലാം ഇതു നടപ്പിലാക്കിയിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നടപ്പിലാക്കാത്തവരുടെ അമാന്തം പരിഹരിക്കുന്നതിനു നിർദ്ദേശം നൽകുകയും, അവർ അക്ടോബർ ഒന്നാംതീയതി ആ കുഴപ്പം പരിഹരിക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. പി. കെ. യശോധരൻ : അക്ടോബർ ഒന്നാംതീയതിക്കു ശേഷവും നടപ്പിൽ വരുത്താത്ത സ്കൂളുകളുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയുകൂടാ.

ശ്രീ. പി. കെ. യശോധരൻ : മിക്കവാറും സ്കൂളുകൾ ഇതു നടപ്പിൽ വരുത്തിയിട്ടില്ലെന്നു പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചില സ്കൂളുകൾ കണ്ടേയ്ക്കും.

ശ്രീ. പി. കെ. യശോധരൻ: അങ്ങനെ ചെയ്യാത്ത മാനേജ്മെൻറുകളുടെ മേൽ സുശക്തമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സുശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടു്.

ശ്രീ. പി. കെ. യശോധരൻ : പറച്ചിൽ മാത്രമേയുള്ളു, പ്രവൃത്തിയിൽ ഒന്നും വരുന്നില്ലെന്നറിയാമോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ : പറച്ചിൽ മാത്രമല്ല.

LIBRARY ARCHIVES Kerala Legislative Assembly